# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കാലിക്കറ്റ് ഹോസ്റ്റൽസ്

ഹോസ്റ്റൽ ഓഫീസ്, എൻഐടിസി ഹോസ്റ്റൽസ്, എൻഐടി ക്യാംപസ് (പി.ഒ) 673 601, കോഴിക്കോട് ഫോൺ: - 0495 2287238

**C11/ CW/NITCH/Monthly Quotations/LH/2024/06** **Date: 18.06.2024**

## ദർഘാസ് പരസ്യം

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ലേഡീസ് ഹോസ്റ്റലിലെ മെസ്സിലേക്ക് വേ താഴെ പറയുന്ന അവശ്യവസ്തുക്കൾക്കുവേ ി തൽപ്പരകക്ഷികളിൽ നിന്നും മുദ്ര ചെയ്ത ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസുകൾ ജൂൺ 25ാം തിയ്യതി പകൽ 3.00 മണി വരെയോ അന്നേ ദിവസം അവധിയായാൽ അടുത്ത പ്രവർത്തി ദിവസം മേൽപറഞ്ഞ സമയം വരെയോ ഹോസ്റ്റൽ ഓഫീസിൽ സ്വീകരിക്കുന്നതാണ്. നിരതദ്രവ്യം ആകെ 1000/ രൂപ (ആയിരം രൂപ) അടക്കേ താണ്.

**ഇനം**

| | | |
|---|---|---|
| 1 | പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, കോഴിമുട്ട, നാളികേരം | **One Month** |
| 2 | ആട്ട, മൈദ, റവ, അരിപ്പൊടി, ചായപ്പൊടി, കറിപ്പൊടികൾ, സൺഫ്ളവർ ഓയിൽ | |
| 3 | മത്സ്യം, കോഴിയിറച്ചി | |
| 4 | പപ്പടം, | **Three Month** |
| 5 | ലഘു പലഹാരങ്ങൾ | |

## നിബന്ധനകളും നിർദ്ദേശങ്ങളും

1. ദർഘാസുകൾ തപാൽമാർഗമോ, നേരിട്ടോ സമർപ്പിക്കാം. വൈകി ലഭിക്കുന്ന ദർഘാസുകൾ പരിഗണിക്കുന്നതല്ല. സ്വീകരിച്ച ദർഘാസുകൾ അന്നേ ദിവസം 3.30 മണിക്ക് അപ്പോൾ സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ദർഘാസിനോടൊപ്പം നിരതദ്രവ്യം ഹോസ്റ്റൽ ഓഫീസിൽ അടച്ചതിന്റെ അസ്സൽ രസീതി അടക്കം ചെയ്യേ താണ്. നിശ്ചിത നിരതദ്രവ്യം ഇല്ലാത്ത ദർഘാസുകൾ പരിഗണിക്കുന്നതല്ല.
2. ദർഘാസിൽ കുറഞ്ഞ തുക കാണിക്കുന്ന വ്യക്തിക്ക് ദർഘാസ് ഉറപ്പിക്കുന്നതും, ദർഘാസ് ഉറപ്പിച്ച ഓർഡർ കിട്ടിയാൽ ഹോസ്റ്റലിൽ നിന്നോ സ്റ്റോർ കീപ്പറിൽ നിന്നോ ലഭിക്കുന്ന ഓർഡർ അനുസരിച്ച് ഒന്നാംതരമായിട്ടുള്ള സാധനങ്ങൾ ഹോസ്റ്റലിലോ സ്റ്റോറിലോ എത്തിക്കേ താണ്. വീഴ്ച വരുത്തുന്ന പക്ഷം ചീഫ് വാർഡന് മുൻകൂട്ടിയുള്ള അറിയിപ്പ് കൂടാതെ പൊതുവിപണിയിൽ നിന്നും ഈ വക സാധനങ്ങൾ വാങ്ങാവുന്നതും, കൂടുതൽ വിലകൊടുത്ത് വാങ്ങേ ിവന്നാൽ അധിക വില കക്ഷി സമർപ്പിച്ചിട്ടുള്ളതോ സമർപ്പിക്കുന്നതോ ആയ ബില്ലുകളിൽ നിന്നും പിടിച്ചെടു ക്കാവുന്നതുമാണ്. അതിലും കൂടുതൽ തുക വരികയാണെങ്കിൽ ആയത് കക്ഷിയുടെ നിരതദ്രവ്യത്തിൽ നിന്നും ഈടാക്കുന്നതാണ്.
3. ദർഘാസ് സംബന്ധമായ അവസാന തീരുമാനം ചീഫ് വാർഡനിൽ നിക്ഷിപ്തമാണ്. ചീഫ് വാർഡന്റെ തീരുമാനം അന്തിമമായിരിക്കും.
4. ദർഘാസ് ഫോറങ്ങൾ ഹോസ്റ്റൽ ഓഫീസിൽ നിന്നോ www.nitc.ac.in എന്ന വെബ്സൈറ്റിൽ നിന്നോ ലഭ്യമാണ്. ഫോറങ്ങൾ വൃത്തിയായും വ്യക്തമായും എഴുതേ താണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി സമയങ്ങളിൽ ഹോസ്റ്റൽ ഓഫീസിൽ അന്വേഷിക്കുക.

**ചീഫ് വാർഡൻ**